**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി അഡ്വ. ലെജിത ഡിക്രൂസ് പി. ബി -യെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.49/2025/LAW തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. 28.04.2022 തീയതിയിലെ സ.ഉ.(കൈ) നം.25/2022/നിയമം നമ്പർ ഉത്തരവ്.
2. 25.03.2025 തീയതിയിലെ ആലപ്പുഴ ജില്ലാ കളക്ടറുടെ DCALP/9911/2024-SC3 നമ്പർ കത്ത്.
3. 29.04.2025 തീയതിയിലെ സ.ഉ.(കൈ) നം.39/2025/നിയമം നമ്പർ ഉത്തരവ്.
4. 09.08.2019 തീയതിയിലെ സ.ഉ.(കൈ) നം.68/19/നിയമം നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ പരാമർശം (1) പ്രകാരം നിയമിതനായ അഡ്വ. വി. വേണു മനക്കൽ -ന്റെ സേവന കാലാവധി 03.05.2025 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണ്. തുടർന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിയമനം നടത്തുന്നതിനായി യോഗ്യരായ അഭിഭാഷകരുടെ ഒരു പാനൽ അയച്ചു തന്നിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ അഡ്വ. ലെജിത ഡിക്രൂസ്. പി. ബി, കൊയിൽ പറമ്പിൽ, കുതിരപന്തി, തിരുവമ്പാടി പി. ഒ., ആലപ്പുഴ —യെ ചുമതല എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, 2023 -ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ 18 -ാം വകുപ്പിലെയും 1978 -ലെ The Government Law Officers (Appointment and Conditions of Service) and Conduct of Cases Rules -ലെയും വ്യവസ്ഥകൾ പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ പുതിയ നിയമനം വരെ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ അധിക ചുമതല നൽകിയിരുന്ന ആലപ്പുഴ അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതി III -ലെ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായ അഡ്വ. ഷാരി എൻ. ബി -യ്ക്ക് പുതുതായി നിയമിക്കപ്പെട്ട അഭിഭാഷകയ്ക്ക് ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ ചുമതല കൈമാറേണ്ടതാണ്.

അഡ്വ. ലെജിത ഡിക്രൂസ് പി. ബി -ന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും 1978 -ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും പരാമർശം (4) ഉത്തരവിലെ നിർദ്ദേശങ്ങൾക്കും അനുസൃതവുമായിരിക്കും. ഈ ഉത്തരവ് പ്രകാരം നിയമിതനായ അഭിഭാഷകൻ ചാർജ് ഏറ്റെടുക്കുന്ന തീയതി ജില്ലാ കളക്ടർ മുഖാന്തിരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഈ ഉത്തരവ് ബഹു. ഹൈക്കോടതി മുമ്പാകെയുള്ള W.P(C) No. 16469/2025 & W.P(C)No.16901/2025 നമ്പർ കേസുകളിലെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

1. അഡ്വ. ലെജിത ഡിക്രൂസ് പി. ബി, കൊയിൽ പറമ്പിൽ, കുതിരപന്തി, തിരുവമ്പാടി പി. ഒ., ആലപ്പുഴ
2. അഡ്വ. ഷാരി എൻ. ബി., അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, ആലപ്പുഴ അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി III, ആലപ്പുഴ
3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
4. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
5. ജില്ലാ കളക്ടർ, ആലപ്പുഴ.
6. ശിരസ്തദാർ ജില്ലാ കോടതി, ആലപ്പുഴ.
7. ഡിസ്ട്രിക്റ്റ് ലാ ഓഫീസർ, കളക്ടറേറ്റ്, ആലപ്പുഴ.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ &ഇ), കേരള, തിരുവനന്തപുരം.
9. ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ.
10. ബഹു. മുഖ്യമന്ത്രിയുടെ പി. എസ്.
11. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി. എസ്.
12. നിയമ സെക്രട്ടറിയുടെ പി. എ.
13. പൊതുഭരണ (എസ്.സി) വകുപ്പ് (11/06/2025 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 3024).
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
15. നിയമ (നോഡൽ) വകുപ്പ്.
16. നിയമ (മോണിറ്ററിങ് സെൽ ) വകുപ്പ്.
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (INS-B1/101/2024-LAW ).

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
സെക്ഷൻ ഓഫീസർ.
Date: 12-06-2025 12:19:06

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-06-2025**

ഫയൽ നം. 101/ഇൻസ്പെ.ബി1/2024/നിയമം. ഇനം നം: 3024

വിഷയം : നിയമ വകുപ്പ് - ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കിയ പാനലിൽ നിന്നും ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

3024

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.101/ഇൻസ്പെ.ബി.1/2024/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3. | വിഷയം | : | ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കിയ പാനലിൽ നിന്നും ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിൽ നിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/05/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/05/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/05/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26/05/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/06/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. **28.04.2022** തീയതിയിലെ സ.ഉ.(കൈ.) **25/2022**/നിയമം നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറായി നിയമിതനായ അഡ്വ. വി. വേണു മനയ്ക്കലിന്റെ നിയമന കാലാവധി **03/05/2025** ന് അവസാനിച്ചിട്ടുള്ളതാണ്. അതിനെ തുടർന്ന് ആലപ്പുഴ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി -III ലെ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായ അഡ്വ. ഷാരി എൻ.ബി.ക്ക് ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ അധിക ചുമതല നൽകിയിട്ടുള്ളതും ആയത് തുടർന്ന് വരുന്നതുമാണ്. **30.11.2024** തീയതിയിലെ **101**/ഇൻസ്പെ.**1/2024**/നിയമം നമ്പർ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടറോട് ജില്ലാ സെഷൻസ് ജഡ്ജിയുമായി കൂടിയോലോചിച്ച് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി യോഗ്യരായ അഭിഭാഷകരുടെ ഒരു പാനൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നതും അപ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ **25.03.2025** തീയതിയിലെ **DCALP/9911/2024-SC3** നമ്പർ കത്ത് മുഖേന ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനത്തിന് യോഗ്യരായ അഭിഭാഷകരുടെ ഒരു പാനൽ **1978**-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരം അയച്ചു തന്നിട്ടുള്ളതും ആയത് അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുള്ളതുമാകുന്നു.

3. ടി പാനലിൽ ഉൾപ്പെട്ട എല്ലാ അഭിഭാഷകരെക്കുറിച്ചും ജില്ലാ ജഡ്ജിയുടെയും ജില്ലാ പോലീസ് മേധാവിയുടെയും റിപ്പോർട്ട് ലഭിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

4. 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 8-ാം ചട്ടം (2)-ാം ഉപചട്ടം (സി) (ഡി) ഖണ്ഡങ്ങൾ ചുവടെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു, അതായത്:-

**8.2(c) In preparing the panel, the District Collector shall not include the name of any Advocate whose name was not included in the list prepared by him under clause (a) or whose name was specifically disapproved by the District and Sessions Judge on specific grounds.**

**(d) The character and antecedents of all persons included in the panel shall be got verified through the concerned Superintendent of Police.**

5. സെഷൻസ് ജഡ്ജിയുമായി കൂടിയാലോചിച്ച് ജില്ലാ മജിസ്ട്രേറ്റ് തയ്യാറാക്കുന്ന പാനലിൽ നിന്നുമാണ് ഒരോ ജില്ലയിലെയും പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയമിക്കേണ്ടതെന്ന് 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ 18-ാം വകുപ്പിൽ (1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 24-ാം വകുപ്പ്) വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

6. 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 9-ാം ചട്ട പ്രകാരം ജില്ലാ ഗവണ്മെന്റ് പ്ളീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് ചുമതലയേറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെയാണ്.

7. ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

8. മേൽ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ **25.03.2025** തീയതിയിലെ **DCALP/9911/2024-SC3** നമ്പർ കത്ത് മുഖാന്തിരം അയച്ചു തന്ന അഭിഭാഷകരുടെ പാനലിൽ നിന്നും ഒരു അഭിഭാഷകനെ ചുമതലയേറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ **60** വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമനം നടത്താവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയിരുന്നു, അതായത് :--

"ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കിയ പാനലിൽ നിന്നും ക്രമ നമ്പർ (3) ആയ അഡ്വ. ലെജിത ഡിക്രൂസ്. പി. ബി. (കൊയിൽ പറമ്പിൽ, കുതിരപന്തി, തിരുവമ്പാടി പി. ഒ, ആലപ്പുഴ) – യെ ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

ബഹു. മുഖ്യമന്ത്രി കണ്ടാലും"

ആയത് ബഹു. മുഖ്യമന്ത്രി **21-05-2025** തീയതിയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

## തീരുമാനിക്കേണ്ട സംഗതി

ആലപ്പുഴ ജില്ലാ കളക്ടർ അയച്ചു തന്ന അഭിഭാഷകരുടെ പാനലിലെ (അനുബന്ധം) ക്രമ നമ്പർ (3) ആയ അഡ്വ. ലെജിത ഡിക്രൂസ്. പി. ബി., കൊയിൽ പറമ്പിൽ, കുതിരപന്തി, തിരുവമ്പാടി പി. ഒ, ആലപ്പുഴ– യെ, ആലപ്പുഴ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറായി ചുമതലയേറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമിക്കാവുന്നതാണോ?